പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 264.

02.04.2013 ൽ മറുപടിക്ക്

**കരിഞ്ചന്തയും പൂഴ്ത്തിവെപ്പും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്:<br>,, എളമരം കരീം:<br>,, കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ):<br>,, ബി. സത്യൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവെപ്പും വ്യാപകമായി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല; |
| (ബി) ഇതുമൂലം അവശ്യവസ്തുക്കളുടെ വിലനിലവാരം ദിനംതോറും ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്ന കാര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോ; | (ബി) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അവശ്യവസ്തുക്കളുടെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നതിനാൽ അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന പ്രതികൂല കാലാവസ്ഥ, കയറ്റിറക്ക് കൂലി വർദ്ധന, പെട്രോൾ/ഡീസൽ വില വർദ്ധനവ് എന്നിവ അവശ്യവസ്തുക്കളുടെ വിലയിലും ആനുപാതിക വർദ്ധനവ് ഉണ്ടാക്കുന്നു; |
| (സി) കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയുന്നതിന് വ്യാപകമായി റെയ്ഡ് നടത്തുന്ന കാര്യത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് വേണ്ടത്ര താല്പര്യം കാണിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇടപെടാൻ തയ്യാറാകുമോ; | (സി) ഇല്ല; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർ റേഷൻ കടകളിലും ഹോൾസെയിൽ കടകളിലുമായി 1,58,007 റെയ്ഡുകൾ നടത്തുകയും 38,332 കേസ്സുകൾ കേരള റേഷനിംഗ് ഓർഡർ പ്രകാരം വകുപ്പിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതു വിപണിയിൽ 42,728 റെയ്ഡുകൾ നടത്തിയിട്ടുമുണ്ട്; |

| | | | |
|---|---|---|---|
| (ഡി) | ചില പ്രദേശങ്ങളിൽ പോലീസ് നടത്തുന്ന റെയ്ഡിൽ പിടിച്ചെടുക്കുന്ന സാധനങ്ങൾ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ ഇടപെട്ട് തിരിച്ച് നല്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല; |
| (ഇ) | വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സമഗ്രമായപരിശോധനയും റെയ്ഡും നടത്തി കരിഞ്ചന്തക്കാരേയും പൂഴ്ത്തി വയ്പ്പുകാരേയും പിടികൂടുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഇ) | എ.ആർ.ഡി/എ.ഡബ്ള്യൂ.ഡി.കളിൽ നടത്തുന്ന സമഗ്ര പരിശോധനകൾക്കു പുറമേ കരിഞ്ചന്തക്കാരേയും പൂഴ്ത്തി വയ്പ്പുകാരേയും പിടികൂടുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിനോടൊപ്പം പോലീസ്, റവന്യൂ, ലീഗൽ മെട്രോളജി, ആരോഗ്യം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രൈസ് മോണിറ്ററിംഗ് സെല്ലും പ്രവർത്തിക്കുന്നു. കൂടാതെ ജില്ലാ തലത്തിൽ ഫ്ളൈയിംഗ് സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്. ഇതിനുപരിയായി സംസ്ഥാന തലത്തിൽ രണ്ട് ഇൻസ്പെക്ഷൻ സ്ക്വാഡുകളും, രണ്ട് ഫ്ളൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ /താലൂക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിരിക്കുന്ന ഭക്ഷ്യോ പദേശക വിജിലൻസ് സമിതികളും കരിഞ്ചന്ത പൂഴ്ത്തിവയ്പ്പ് എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ സി.എം.ആർ.-മായിബന്ധപ്പെട്ട മില്ലുകൾ പരിശോധിക്കാൻ ഇൻസ്പെക്ഷൻ ടീമുകളെ സപ്ലൈകോ നിയോഗി ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ